**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1836** **15-03-2022 - ൽ മറുപടിയ്ക്ക്**

**ഗോവിന്ദ പൈ കോളേജ് പരിസരത്ത് കെ.എസ്.ആർ. ടി.സി ബസ്സുകൾക്ക് സ്റ്റോപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം ഗോവിന്ദ പൈ സർക്കാർ കോളേജ് പരിസരത്ത് കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് സ്റ്റോപ്പ് ഇല്ലാത്തതിനാൽ അവിടത്തെ വിദ്യാർത്ഥികൾ ജീവനക്കാർ തുടങ്ങിയവർ പ്രയാസമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത കോളേജ് പരിസരത്ത് സ്റ്റോപ്പ് അനുവദിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോയെന്നും അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ; | (ബി) | മഞ്ചേശ്വരം ഗോവിന്ദ പൈ സർക്കാർ കോളേജ് പരിസരത്ത് കെ.എസ്.ആർ. ടി.സി. ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കണമെന്നാവശ്യപ്പെട്ട് കാസർഗോഡ് ജില്ലാ വികസന സമിതി മുമ്പാകെ ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. ടി നിവേദനത്തിന്മേൽ വിശദമായ അന്വേഷണം നടത്തിയതിൽ നിലവിലെ സ്റ്റോപ്പിൽ നിന്നും ആവശ്യപ്പെട്ട സ്റ്റോപ്പിലേയ്ക്ക് 500 മീറ്റർ മാത്രം ദൂരമായതിനാൽ ആവശ്യം അംഗീകരിക്കുവാൻ നിർവ്വാഹമില്ല എന്ന വിവരം പരാതിക്കാരെ അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥലത്ത് കെ.എസ്.ആർ. ടി.സി.ക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ കാസർഗോഡ് – മംഗലാപുരം റൂട്ടിൽ ഹൊസങ്കടി, പൊസോട്ട്, മഞ്ചേശ്വരം എന്നീ സ്ഥലങ്ങളിൽ ബസ് സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട്. മഞ്ചേശ്വരം ഗവ: കോളേജിൽ നിന്ന് 500 മീറ്റർ ദൂരം മാത്രമേയുള്ളൂ മഞ്ചേശ്വരം സ്റ്റോപ്പിലേയ്ക്ക്. ആയതിനാൽ കാസർഗോഡ് – മംഗലാപുരം അന്തർ സംസ്ഥാന റൂട്ടിൽ 500 മീറ്ററിനുള്ളിൽ പുതുതായി മറ്റൊരു ബസ് സ്റ്റോപ്പ് കൂടി അനുവദിക്കുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ